©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2026 ജനുവരി 19
19th January 2026
1201 മകരം 5
5th Makaram 1201
1947 പൌഷം 29
29th Pousha 1947

നമ്പർ
No.
209

കേരള സർക്കാർ

റവന്യൂ (സി) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) 26/2026/ആർ.ഡി. തീയതി, തിരുവനന്തപുരം, 2026 ജനുവരി 18.

2026 വർഷത്തേയ്ക്കുള്ള ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള യോഗ്യരായ തഹസിൽദാർമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി ബഹു. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മെമ്പറുടെ ചേംബറിൽ ഒരു ഡി.പി.സി (ഹയർ) യോഗം 06.01.2026 ൽ 11:00 AM ന് ചേരുകയുണ്ടായി. ചുവടെ ചേർത്തിരിക്കുന്ന വിഷയങ്ങൾ ഡി.പി.സി (ഹയർ) സമിതി പരിഗണിച്ച് തീരുമാനമെടുക്കുകയുണ്ടായി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1. ശ്രീ.അഫ്സൽ ബി (റാങ്ക് നം.1852)

ശ്രീ.അഫ്സൽ.ബിയ്ക്കെതിരെ അച്ചടക്ക നടപടികൾ നിലനിൽക്കുന്നതിനാൽ 21.01.2025-ൽ നടന്ന ഡി.പി.സി (ഹയർ) യോഗം ടിയാനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു.

LR/9096/2024-LR(D2) നമ്പർ ഫയൽ പ്രകാരം ശ്രീ.അഫ്സൽ.ബി. പാലക്കാട് ജില്ലയിൽ പുതുശ്ശേരി സെൻടൽ വില്ലേജ് ഓഫീസർ ആയിരിക്കവേ ടി വില്ലേജിൽ ബ്ലോക്ക് നം. 35. റീ സർവ്വെ നം. 201/2, 201/3, 201/4, 202/1 എന്നീ നമ്പരുകളിൽ ഉൾപ്പെട്ടിരുന്ന ഭൂമി വിൽപ്പന നടത്തുന്നതിന് വില്ലേജ് രേഖയായ സപ്ലിമെന്ററി ബി.ടി.ആർ. - ൽ മേൽപ്പറഞ്ഞ ഭൂമികളുടെ തരം പുരയിടം എന്ന് വ്യാജമായി എഴുതിച്ചേർത്തിട്ടുള്ളതായും തണ്ടപ്പേർ രജിസ്റ്ററിൽ മേൽപ്പറഞ്ഞ സർവ്വെ നമ്പരുകൾ ഉൾപ്പെടുന്ന പേജുകൾ ഇളക്കിമാറ്റി പകരം പേജുകൾ സ്ഥാപിച്ച് വ്യാജരേഖ നിർമ്മിച്ചതായും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് യൂണിറ്റ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതും, ടിയാനെതിരെ വി.സി. 05/2024/പി.കെ.ഡി നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത വിജിലൻസ് കേസ് അന്വേഷണഘട്ടത്തിലായതിനാൽ, പുതുശ്ശേരി സെൻടൽ വില്ലേജ് ഓഫീസിലെയും പാലക്കാട് താലൂക്ക് ഓഫീസിലെയും ജീവനക്കാർ ടി കേസിലെ മുഖ്യസാക്ഷികൾ ആയതിനാലും ടിയാൻ സാക്ഷികളെ സ്വാധീനിക്കുവാൻ സാധ്യതയുണ്ടെന്നും വി.എ.സി.ബി. ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അഫ്സൽ.ബി. യെ 16.11.2024 തീയതിയിലെ സ.ഉ.(സാധാ) നം. 2732/2024/ആർ.ഡി. പ്രകാരം സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്യുകയും 31/12/2025 തീയതിയിലെ സ.ഉ(സാധാ)നം.2949/2025/ആർഡി പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയും ടിയാന് പാലക്കാട് ജില്ലയ്ക്ക് പുറത്തുള്ള ഓഫീസുകളിലേതിലെങ്കിലും നിയമനം നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരിക്കുകയാണ്. കൂടാതെ, ശ്രീ.അഫ്സൽ.ബി. വയനാട് ജില്ലയിൽ വൈത്തിരി ഭൂരേഖ തഹസിൽദാർ തസ്തികയിൽ സേവനത്തിലിരിക്കവെ KLR ആക്ടിന്റെ പരിധിയിൽ വരുന്ന ഭൂമി സംബന്ധിച്ച് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാതെയും ക്രമവിരുദ്ധമായും KLR സർട്ടിഫിക്കറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ടിയാനെതിരെ 15.09.2021 തീയതിയിലെ LR/1265/2021-LR(D2) നമ്പർ പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും പുറപ്പെടുവിച്ച് ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുളളതും അച്ചടക്ക നടപടി പൂർത്തിയായിട്ടില്ലാത്തതുമാണ്.

ശ്രീ.അഫ്സൽ ബി.-ക്കെതിരെയുള്ള അച്ചടക്ക നടപടികളും ടിയാൻ CR സമർപ്പിച്ചിട്ടില്ലായെന്നതും കണക്കിലെടുത്ത് ടിയാനെ 2026 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

2. ശ്രീ.ഷീജൻ.വി.ആർ (റാങ്ക് നം. 1951)

ശ്രീ.ഷീജൻ.വി.ആർ. തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം താലൂക്ക് തഹസിൽദാർ ആയിരിക്കവെ ബെസ്റ്റ് ഗ്രാനൈറ്റ്സ് എന്ന ക്വാറിയിംഗ് സ്ഥാപനത്തിന് ക്വാറിയിംഗ് ലീസിനായി ഡീമാർക്കേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് പരിശോധന നടത്തിയ സമയത്ത് ടി സ്ഥാപനം പുറമ്പോക്ക് ഭൂമി കൈവശം വച്ച് അനധികൃത ഖനനം നടത്തുന്നതായി കണ്ടെത്തിയില്ലെന്ന വിഷയത്തിൽ ടിയാനെതിരെ റവന്യൂ (ഡി) വകുപ്പിൽ നിന്നും 30/10/2023 തീയതിയിലെ ഡി.എ 2/82/2023-റവ. നമ്പർ ഫയൽ പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകി ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി സർക്കാരിന്റെ 22/04/2025 തീയതിയിലെ 980/2025/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കിയിട്ടുളളതാണ്.

ശ്രീ.ഷീജൻ.വി.ആർ - നെതിരെയുള്ള അച്ചടക്ക നടപടിയുടെ കറൻസി പിരീഡ് ആയതിനാലും കുറ്റകൃത്യത്തിന്റെ ഗൗരവം പരിഗണിച്ചും ശ്രീ.ഷീജൻ.വി.ആർ - നെ 2026 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ ഡി.പി.സി (ഹയർ) യോഗം തീരുമാനിച്ചു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. ശിവദാസൻ എം.എസ്. (റാങ്ക് നം 2018)

ശ്രീ.ശിവദാസൻ എം.എസ്. വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ വില്ലേജ് ഓഫീസറായിരിക്കവെ, ടി വില്ലേജിലെ സർവ്വെ നമ്പർ 196/1 ൽ പ്പെട്ട സ്ഥലത്തിന് അനധികൃതമായി കൈവശാവകാശ സർട്ടിഫിക്കറ്റ് നല്കുകയും ഭൂനികുതി സ്വീകരിക്കുകയും ചെയ്തതിന് അച്ചടക്ക നടപടി സ്വീകരിക്കാൻ, 22.01.2022 ൽ ഉത്തരമേഖല റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ ശിപാർശ ചെയ്തത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും ശ്രീ.എം.എസ്.ശിവദാസൻ, ഡെപ്യൂട്ടി തഹസിൽദാർക്കെതിരെ 06/08/2025 ന് കുറ്റപത്രം, കുറ്റാരോപണപത്രിക എന്നിവ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

പ്രസ്തുത കുറ്റാരോപണപത്രികയിലെ വാദങ്ങളെല്ലാം ടിയാൻ നിഷേധിച്ചിട്ടുള്ള സാഹചര്യത്തിൽ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള നടപടിയുടെ ഭാഗമായി ടിയാനെതിരെ ഔപചാരിക അന്വേഷണം നടത്തുന്നതിന് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുള്ളതുമാണ്.

അച്ചടക്ക നടപടി സംബന്ധിച്ച അന്വേഷണം നടക്കുന്നത് കണക്കിലെടുത്ത് ടിയാനെ 2026 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

4. ബാബു ചാന്തുളി (റാങ്ക് നം 2029)

കോഴിക്കോട് ഒളവണ്ണ വില്ലേജ് ഓഫീസർ ആയിരിക്കെ, നിലം ഇനത്തിലുള്ള ഭൂമിക്ക് തോട്ടം എന്ന് കാണിച്ചു നിയമവിരുദ്ധമായി സാക്ഷ്യപത്രം അനുവദിച്ച ക്രമക്കേടിന് ശ്രീ.ബാബു ചാന്തുളിക്കെതിരെ സർക്കാർ തലത്തിൽ 21/11/2023 തീയതിയിൽ കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചിട്ടുള്ളതാണ്.

കൂടാതെ കോഴിക്കോട് താമരശ്ശേരി മുൻ തഹസിൽദാറായിരുന്ന ശ്രീ.മുഹമ്മദ് റഫീഖ്.സി ക്കെതിരെയുള്ള അഴിമതി ആരോപണ അപ്പീൽ അപേക്ഷയിൻമേൽ ടിയാനെ നേരിൽ കേട്ടതിനു ശേഷം ആരോപണവുമായി ബന്ധപ്പെട്ട അച്ചടക്കനടപടി ഫയലുകൾ തീരുമാനമെടുക്കാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വൈകിപ്പിച്ചു എന്ന കാരണത്താൽ കോഴിക്കോട് കളക്ടറേറ്റിലെ മുൻ ഹസൂർ ശിരസ്തദാറായിരുന്ന ശ്രീ.ബാബു ചാന്ദുളിക്കെതിരെ സർക്കാർ തലത്തിൽ 11/02/2025 തീയതിയിൽ കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചിട്ടുള്ളതാണ്.

ശ്രീ.ബാബു ചാന്ദുളിക്കെതിരെ രണ്ട് കേസുകളിൽ അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാനെ 2026 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

5. ശ്രീ ജെയ്ഷ്.സി.ചെറിയാൻ (റാങ്ക് നം 2057)

ഇടുക്കി താലൂക്ക് ഓഫീസിലെ തഹസിൽദാർ ശ്രീ.ജെയ്ഷ് സി ചെറിയാൻ, ശ്രീ.സാജു ആന്റണിയുടെ മകൻ കിഷോറിന് വിദേശത്ത് ഉപരിപഠനത്തിന്റെ ആവശ്യത്തിനായി വരുമാന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിലേക്ക് 10,000/-രൂപ കൈക്കൂലി വാങ്ങി എന്ന ആക്ഷേപവുമായി ബന്ധപ്പെട്ട് 19/01/2023 തീയതി അറസ്റ്റ് ചെയ്തതായി 20/01/2023 ലെ വിസി -02/23/IDK നമ്പർ വിജിലൻസ് ട്രാപ്പ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടിയാനെ അറസ്റ്റ് ചെയ്ത 20/01/2023 തീയതിയും സമയവും പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതായി ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. 10/01/2024 തീയതിയിലെ DB1/498/2023-റവ നമ്പർ സർക്കാർ കത്ത് പ്രകാരം കുറ്റാരോപണ മെമ്മോ പുറപ്പെടുവിക്കുകയും ശ്രീ ജെയ്ഷ് സി ചെറിയാനെതിരെ രജിസ്റ്റർ ചെയ്തിരിക്കുന്ന വിസി 02/23/IDK നമ്പർ കേസിൽ പ്രോസിക്യൂഷൻ അനുമതി 17/02/2025 ൽ നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ.ജെയ്ഷ് സി ചെറിയാനെതിരെയുള്ള വിജിലൻസ് ട്രാപ്പ് കേസുമായി ബന്ധപ്പെട്ട് വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം നടത്തുന്നതിന് വിജിലൻസ് (ഇ) വകുപ്പിന്റെ 07/10/2025 തീയതിയിലെ സ.ഉ.(കൈ)നം.18/2025/VIG നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അച്ചടക്ക നടപടി തുടർന്ന് വരുന്നതുമാണ്.

ശ്രീ.ജയ്ഷ് സി ചെറിയാൻ നിലവിൽ സസ്പെൻഷനിൽ തുടരുന്ന കാര്യവും ടിയാനെതിരെ നിലവിലുള്ള അച്ചടക്ക നടപടികളും കണക്കിലെടുത്ത് ടിയാനെ 2026 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. ശ്രീ.മോഹൻ കെ ജി (റാങ്ക് നം 2075)

പട്ടം വില്ലേജിൽ Sy No. 1760/1 ൽ പ്പെട്ട വസ്തു റീസർവ്വെയ്ക്ക ശേഷം കുറവ് വന്നതായുള്ള പരാതിയിൽ ഭൂമി അപഹരിച്ച വ്യക്തിയിൽ നിന്നും അനർഹമായ ആനുകൂല്യം കൈപ്പറ്റി ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നില്ല എന്ന ആരോപണം സംബന്ധിച്ച് നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ.കെ.ജി മോഹൻ, മുൻ തഹസിൽദാർ (ഭൂരേഖ) താലൂക്ക് ഓഫീസ്, തിരുവനന്തപുരം എന്നവർക്കെതിരെ അഴിമതി നിരോധന നിയമം (ഭേദഗതി) 2018 തീയതിയിലെ 7, 13(1) (a) r/w 13 (2) പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമം 120 B പ്രകാരവും വി.സി 06/2024/എസ്.ഐ.യു – 1 നമ്പരായി ഒരു വിജിലൻസ് കേസ് 06.09.2024 തീയതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, ടി കേസിന്റെ അന്വേഷണം പൂർത്തിയാകുന്നതു വരെ ശ്രീ.കെ.ജി.മോഹൻ എന്നവരെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് നിയമിക്കുന്നതിനും സർക്കാരിൽ നിന്നും 30.10.2024 തീയതിയിലെ ഡിഎ 3/179/2024-റവ നമ്പർ കത്ത് പ്രകാരം ഉത്തരവായിട്ടുള്ളതും, ശ്രീ.കെ.ജി.മോഹൻ തഹസിൽദാർ/സീനിയർ സൂപ്രണ്ടിനെ വയനാട് ജില്ലയിലേക്ക് 27/01/2025 തീയതിയിൽ സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതുമാണ്. ടിയാനെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.

ശ്രീ.കെ.ജി.മോഹനെതിരെ അച്ചടക്ക നടപടി നിലവിലുള്ള സാഹചര്യത്തിൽ ടിയാനെ 2026 ലെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

2026 വർഷത്തേക്ക് ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായി ചുവടെ ചേർക്കുവിധം തഹസിൽദാർമാരുടെ പട്ടിക അംഗീകരിക്കുന്നു.

2026 ലെ സെലക്ട് ലിസ്റ്റ്

Sl.No	Name	Rank No.	Date of Birth
1	SUSEELA.R	1983	31/05/1970

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2	NAZEER.K.M	1985	28/05/1972
3	MANOJ RAJAN	1988	27/10/1971
4	BENNY SEBASTIAN	1990	20/04/1970
5	SANTHEEP.M	1991	30/05/1974
6	PRAKASAN.C.V	1992	10/05/1976
7	FATHIMUTU SUMMAYYA	1993	30/05/1971
8	ANITHA NAIR.K	1999	09/08/1972
9	MINI.S	2002	03/03/1970
10	NIZA.A	2003	28/02/1972
11	ANILKUMAR.K.S	2005	01/06/1971
12	RAJESH KUMAR. S.	2006	26/05/1971
13	SHAJU. M.S.	2008	31/05/1972
14	ANIL KUMAR.J.	2012	04/05/1970
15	JAYASREE.S.VARIER	2015	28/05/1976
16	ANZU BABU. K.P	2025	29/05/1970
17	SADIK. P.O.	2026	17/05/1971
18	NAJEEB C.K.	2028	15/02/1972
19	PREMLAL A.M.	2030	01/06/1971
20	SHAREENA.K.	2031	01/06/1972
21	ABDUL HAKEEM K.T.	2032	10/05/1970
22	MOHANAN NOONHADAN	2033	15/02/1972
23	BENOY BABY	2039	30/05/1974
24	RAHIM M.	2041	25/05/1970

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

25	KISHOR.T.P.	2043	15/04/1970
26	MOHAMMED RAFI N.N.	2047	31/05/1971
27	ANILKUMAR S.N.	2052	30/05/1971
28	BASIL.A.KURUVILLA	2064	30/05/1970
29	DEEPU MATHEW	2066	27/11/1975
30	RAJESH KUMAR P.	2067	17/05/1973
31	ABDUL LATHEEF	2069	20/05/1972
32	SUBAIR C.	2076	31/05/1976
33	PRASIL K.K.	2077	20/05/1972
34	ABDUL MAJEED C.M.	2084	10/05/1972
35	MURALI MOHAN R	2084A	31/05/1972
36	BIJU K.P.	2086	25/05/1971
37	SHAJI K.	2089	25/05/1976
38	BINDHU T.G.	2090	21/05/1976
39	SHAJI V.K.	2095	02/05/1970
40	SUNITHA S.	2096	16/05/1974
41	REMYA.S. NAMBOOTHIRI	2097	02/09/1976
42	RENGITH GEORGE	2098	26/09/1976
43	UDAYAKUMAR.P	2099	04/12/1971
44	MURALI P.V.	2100	10/08/1972
45	MUMTHAS P.I.	2101	30/05/1971
46	VIJUKUMAR M.S.	2102	19/05/1971
47	BINURAJ T.	2103	25/05/1971

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

48	SUDEEP.P	2104	12/05/1972
49	PREETHA PRATHAPAN	2105	29/03/1977
50	VARGHESE KURIAN	2106	31/05/1974

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം.ജി.രാജമാണിക്കം

സെക്രട്ടറി

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.19 02:19:19 +05:30